(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളെയാണ് സ്വകാര്യവൽക്കരിക്കാൻ കേന്ദ്രനീക്കം ആരംഭിച്ചിട്ടുണ്ടായിരുന്നത്;

(സി) പുതിയ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യവൽക്കരണ നടപടികളിൽ മാറ്റം വരുത്തിയതായി അറിയുമോ;

(ഡി) സംസ്ഥാന സർക്കാർ അതിനായി ഏതെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി;

(ഇ) പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഫ്. എ. സി. റ്റി., ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്.

(സി) പുതിയ കേന്ദ്രസർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ സ്വകാര്യവൽക്കരണ നടപടികളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ഡി) എഫ്. എ. സി. റ്റി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് മുഖ്യമന്ത്രിയും വ്യവസായ-ധനകാര്യ മന്ത്രിമാരും കേന്ദ്ര രാസവളം വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. കേന്ദ്രസർക്കാരിന്റെ തീരുമാനം പ്രതീക്ഷിക്കുന്നു.

(ഇ) ഇപ്പോഴത്തെ കേന്ദ്ര സർക്കാരിന്റെ പൊതുമിനിമം പരിപാടിയിൽ പൊതുമേഖലകളെ സംബന്ധിച്ചുള്ള നയങ്ങൾ കേരളത്തിൽ തുടർന്നുവരുന്ന നയങ്ങൾക്കനുസൃതമാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ നടപടി

11 [3018] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനി അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്രയെണ്ണം സ്വകാര്യമേഖലയ്ക്ക് കൈമാറി; അവ ഏതെല്ലാം;

(സി) പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടുമ്പോൾ അവിടെ പണിയെടുക്കുന്ന ജീവനക്കാരുടെ സംരക്ഷണത്തിന് എന്ത് മാനദണ്ഡമാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി രൂപീകരിക്കപ്പെട്ട എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശകളിൻമേൽ സർക്കാർ തീരുമാനമെടുക്കുന്ന മുറയ്ക്കേ ഇക്കാര്യം പറയാനാവൂ. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പൊതുമിനിമം പരിപാടിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യവും പുനരവലോകനം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകുന്ന ജീവനക്കാർക്കുവേണ്ടി സർക്കാർ ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം

12 [3019] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖലാസ്ഥാപനങ്ങളുടെ നവീകരണത്തിനുവേണ്ടി നിയമിക്കപ്പെട്ട ആർ. സി. ചൗധരി കമ്മിറ്റിയുടെ ശുപാർശയിൻമേൽ സർക്കാർ നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

ഇ. ആർ. സി. - യുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ചില സ്ഥാപനങ്ങൾ പൊതുമേഖലയിൽത്തന്നെ നിലനിറുത്തി പുനരുദ്ധരിക്കുന്നതിനും, ചില സ്ഥാപനങ്ങൾ സഹകാര്യമേഖലയുടെ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നിനും ചില സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.‡ എന്നാൽ, കേന്ദ്രസർക്കാർ നടപ്പാക്കുന്ന പൊതുമിനിമം പരിപാടിയുടെ പശ്ചാത്തലത്തിൽ ഈ തീരുമാനങ്ങൾ പുനരവലോകനം ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ അനൗദ്യോഗിക ചെയർമാൻമാർ

13 [3020] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് അനൗദ്യോഗിക ചെയർമാൻമാരുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനൗദ്യോഗിക ചെയർമാൻമാർ കൈപ്പറ്റിയ ഓണറേറിയം, ടി.എ., മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

† അനുബന്ധം IV, ‡ അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം IV

[22-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 11 (3018) ദയവായി കാണുക.]

## സാമ്പത്തികാനുകൂല്യങ്ങളുടെ വിശദാംശങ്ങൾ

1. സ്ഥിരജീവനക്കാർക്ക് പൂർത്തിയാക്കിയ ഓരോ വർഷത്തിനും ഒന്നര മാസത്തെ വേതനം (Basic Pay+Dearness Allowance) അല്ലെങ്കിൽ പിരിഞ്ഞു പോകുന്ന സമയത്തെ വേതനത്തെ സാധാരണ ഗതിയിൽ സർവ്വീസ് പൂർത്തിയാക്കാനുള്ള മാസങ്ങളുടെ എണ്ണംകൊണ്ട് ഗുണിച്ചാൽ കിട്ടുന്ന തുക. ഇതിൽ ഏതാണോ കുറവ് ആ തുകയായിരിക്കും നൽകുക.

2. താൽക്കാലികമായും/പകരക്കാരനായും/ബദലിയായും ജോലിചെയ്യുന്ന ജീവനക്കാർക്ക് പൂർത്തിയാക്കിയ ഓരോ വർഷവും 45 ദിവസത്തെ വേതനം എക്സ്ഗ്രേഷ്യയായും നൽകും. എക്സ്ഗ്രേഷ്യ നൽകുന്നതിന് യഥാർത്ഥത്തിൽ ജോലി ചെയ്ത ദിവസങ്ങൾ മാത്രമേ കണക്കിലെടുക്കൂ.

3. എക്സ്ഗ്രേഷ്യ കണക്കിലെടുക്കുന്നതിന് ശമ്പളം/വേതനമായി Basic Pay+Dearness Allowance മാത്രമേ ഉൾപ്പെടുത്തുകയുള്ളൂ. എക്സ്ഗ്രേഷ്യ കണക്കാക്കുന്നതിനായി ഒരു മാസത്തിൽ 30 ദിവസം എന്ന രീതിയിലാണ് എടുക്കുക. എക്സ്ഗ്രേഷ്യ കണക്കാക്കുന്നതിനായി സേവനകാലം കണ്ടുപിടിക്കുന്നത് ഗ്രാറ്റ്യൂറ്റി കണക്കാക്കുമ്പോൾ ചെയ്യുന്നതുപോലെയാണ്.

## മറ്റുള്ള ആനുകൂല്യങ്ങൾ

1. പി.എഫ്. അക്കൗണ്ടിൽ ബാക്കിയുള്ള തുക ഇ.പി.എഫ്. നിയമത്തിനു വിധേയമായിട്ടായിരിക്കും നൽകുന്നത്.

2. സഞ്ചിത ആർജ്ജിതാവധി/അവകാശ അവധി എന്നിവയ്ക്ക് തുല്യമായ തുക അതാത് കമ്പനികളിലെ നിയമത്തിന് വിധേയമായിട്ടായിരിക്കും നൽകുന്നത്.

3. ഗ്രാറ്റ്യൂറ്റി നിയമത്തിന് വിധേയമായിട്ടായിരിക്കും ഗ്രാറ്റുവിറ്റി തുക അനുവദിക്കുന്നത്.

## സാമൂഹിക സുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ

ഇതുകൂടാതെ ജീവനക്കാർക്കായി സാമ്പത്തിക സുസ്ഥിരതയ്ക്കായുള്ള ഒരു സുരക്ഷാപദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമാണെങ്കിൽ മാത്രം തെരഞ്ഞെടുക്കാവുന്ന ഒന്നാണിത്. ഇതനുസരിച്ച് ഒരു ജീവനക്കാരൻ പിരിഞ്ഞുപോകുമ്പോൾ ലഭിക്കുന്ന തുകയുടെ 50% വരെ ഈ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം IV—(തുടർച്ച)

സുരക്ഷാപദ്ധതിയിൽ നിക്ഷേപിക്കാവുന്നതാണ്. ഇതിനുപകരമായി എംപ്ലോയീസ് കോൺട്രിബ്യൂഷന്റെ 25% തുക (ഏറ്റവും കൂടുതൽ 25000 രൂപവരെ) ഇൻസെന്റീവായിട്ട് സർക്കാരും നിക്ഷേപിക്കും. ഈ ഫണ്ടിൽ നിക്ഷേപിക്കുന്ന തുകക്ക് ദേശസാൽകൃത ബാങ്കിൽ നിലവിലുള്ള സ്ഥിരനിക്ഷേപ പലിശ ലഭിക്കും. ഈ ഫണ്ടിൽ നിക്ഷേപിക്കുന്ന തുകയുടെ പലിശയുടെ ഒരു ഭാഗം മെഡിക്കൽ, ലൈഫ് ഇൻഷ്വറൻസിനായി നീക്കിവയ്ക്കും. ലൈഫ് ഇൻഷ്വറൻസിന്റെ കാലാവധി പൂർത്തിയാകുന്നതുവരെ സ്ഥിരനിക്ഷേപം പുതുക്കുകയാണെങ്കിൽ മാത്രമേ ഇൻസെന്റീവിനത്തിലുള്ള സർക്കാരിന്റെ വിഹിതം നൽകുകയുള്ളൂ. ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടാത്ത ജീവനക്കാർക്ക് ഈ ഫണ്ടിൽ നിക്ഷേപിച്ച തുകയുടെ പലിശ പ്രതിമാസം പെൻഷനായി ലഭിക്കും.

ഇതു കൂടാതെ ഈ സ്കീമിൽ ഉൾപ്പെട്ട് പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് പുതിയ തൊഴിൽ കണ്ടെത്തുന്നതിനുള്ള ഗൈഡൻസ്. അതിനാവശ്യമായ പരിശീലനം മുതലായവ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

## അനുബന്ധം V

[22-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 12 (3019) ദയവായി കാണുക.]

Decisions taken by the Government on ERC recommendations (28 SLPEs)

| Closure | | Restructuring with majority Govt. participation | | Restructuring with majority private participation/ employees co-operative Society | |
|---|---|---|---|---|---|
| No. | PSUs | No. | PSUs | No. | PSUs |
| 1 | Kerala Soaps & Oils | 1 | Kerala Electrical & Allied Engg. Co. | 1 | Astral Watches |
| 2 | Scooters Kerala | 2 | Kerala State Drugs & Pharmaceuticals | 2 | Keltron Counters |
| 3 | Metropolitan Engg. Co. | 3 | Kerala State Textile Corpn. | 3 | Kerala State Detergents & Chemicals |

LIBRARY ARCHIVES Kerala Legislative Assembly